# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2825 12.03.2018-ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1). സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14 ൽ ഉൾപ്പെടുത്തി വെള്ളയിൽ മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ, ലൈബ്രറി നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2). 2013-14 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പ ദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് വെള്ളയിൽ ഫിഷറീസ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>3). ബഹു. സ്ഥലം എം.എൽ.എ.യുടെ എൽ.എ.സി- എ.ഡി.എസ് 2016-17 ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ "കൺസർവേഷൻ, റിട്രോഫിറ്റിംഗ് ആന്റ് റിനോവേഷൻ ഓഫ് ലൈറ്റ് ഹൗസസ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് പാർക്ക്, റെയിൻ ഷെൽട്ടേഴ്സ് ഇൻ കാലിക്കട്ട് ബീച്ച്" എന്ന പദ്ധതിയും തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക എത്രയാണെന്നും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ? | ബി) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക, ഇപ്പോഴത്തെ അവസ്ഥ എന്നിവ **അനുബന്ധമായി ചേർത്തിരിക്കുന്നു.** |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക, ഇപ്പോഴത്തെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14 | | |
| 1 | കുടിവെള്ള പദ്ധതി, വെള്ളയിൽ | 129.00 | 129.00 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രദേശം ജിക്കാ പദ്ധതിയിൽപെട്ടതായതിനാൽ ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| 2 | വൈദ്യുതീകരണം, വെള്ളയിൽ | 48.40 | — |
| | പുതിയ കടവ് ആർ. എം. യു. പരിസരത്ത് ഒ എച്ച്. ലൈനുകൾ മാറ്റി യു. ജി. കേബിൾ ഇടുന്നതും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും | 23.86874 | വെള്ളയിൽ ബീച്ച് ഏരിയയിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതായിരുന്നു പദ്ധതി. ഇതിന് പി.ഡബ്ല്യു.ഡി. 7 ലക്ഷം രൂപ കട്ടിംഗ് ചാർജ്ജ് ആയി ആവശ്യപ്പെട്ടതിനാൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുകയില്ല എന്നതിനാൽ പദ്ധതിയിൽ മാറ്റം വരുത്തി ഓവർഹെഡ് ലൈൻ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കുവാൻ ബഹു. എം.എൽ.എ. യുടെ നേതൃത്വത്തിൽ 08.08.2016-ൽ ചേർന്ന യോഗം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 30/05/2017 ൽ ബഹു ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പദ്ധതികളുടെ അവലോകന യോഗത്തിൽ വെള്ളയിൽ വൈദ്യുതീകരണ പദ്ധതി, നിലവിലെ ഭരണാനുമതി നൽകിയ പ്രകാരമുള്ള പ്രോജക്ട് റിപ്പോർട്ടിനനുസൃതമായി നടപ്പിലാക്കുവാനും, |

| | | | |
|---|---|---|---|
| | | | അതിന്റെ ആവശ്യമില്ലെങ്കിൽ ടി തുക മറ്റേതെങ്കിലും പദ്ധതിയ്ക്കായി വിനിയോഗിക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, കോഴിക്കോട് സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതി നൽകിയതിൽ നിന്നും വ്യത്യസ്തമായതിനാൽ പദ്ധതി വിശദമായി പുന:പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| | 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് | 2.75250 | പൂർത്തീകരിച്ചു. |
| | എൽ.റ്റി.ഒ.എച്ച് ലൈൻ മാറ്റി എ.ബി.കേബിൾ വലിക്കുന്നതും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും | 21.77795 | എ. ബി കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ, വെള്ളയിൽ | 20.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ലൈബ്രറി നിർമ്മാണം, വെള്ളയിൽ | 5.60 | പദ്ധതി പൂർത്തീകരിച്ചു |
| 5 | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 19 ഫിഷറീസ് ട്രെയിനിംഗ് സെന്റർ, വെള്ളയിൽ | 199.74 | പദ്ധതി ആരംഭിച്ചു. |
| | എൽ.എ.സി -എ.ഡി.എസ് -2016 - 17 | | |
| 6 | "കൺസർവേഷൻ, റിട്രോഫിറ്റിംഗ് ആന്റ് റിനോവേഷൻ ഓഫ് ലൈറ്റ് ഹൗസസ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് പാർക്ക്, റെയിൻ ഷെൽട്ടേഴ്സ് ഇൻ കാലിക്കട്ട് ബീച്ച്" | 250.00 | പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ